# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1630 — 03.10.11 ൽ -മറുപടിക്ക്

**കിലോയ്ക്ക് ഒരു രൂപ അരിയുടെ ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) | |
| (എ) | കിലോയ്ക്ക് ഒരു രൂപ വിലയുടെ അരി മിക്കസ്ഥലങ്ങളിലും ലഭ്യമായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | 25 കിലോ അരി പ്രഖ്യാപിച്ചുവെങ്കിലും പല സ്ഥലങ്ങളിലും പത്ത് കിലോ പോലും ലഭ്യമായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ; | | |
| (ഡി) | ഇത് സംബന്ധിച്ച് ഓൾ ഇൻഡ്യ റേഷൻ ഡീലേഴ്സ് അസോസിയേഷൻ പരാതി നൽകിയിട്ടുണ്ടോ ; | (ഡി) | കോഴിക്കോട് ജില്ലയിൽ എഫ്.സി.ഐ യിൽ നിന്ന് അരി വിട്ടെടുക്കുന്നതിന് തടസ്സം നേരിടുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിരുന്നു. |
| (ഇ) | എങ്കിൽ സർക്കാർ പ്രഖ്യാപനം യാഥാർത്ഥ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഇ) | പ്രഖ്യാപനം യാഥാർത്ഥ്യമാക്കാനാവശ്യമായ നടപടികളെല്ലാം സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സബ്സിഡി തുക മുൻകൂറായി എഫ്.സി.ഐയിൽ ഒടുക്കുകയുണ്ടായി.വിവിധ കാരണങ്ങളാൽ യഥാസമയം സ്റ്റോക്ക് വിട്ടെടുക്കാൻ സാധിക്കാത്ത കടകളിൽ സ്റ്റോക്കുള്ള മറ്റിനങ്ങളിൽ നിന്ന് വകമാറ്റി മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകുകയുണ്ടായി. പൊതുജനങ്ങൾക്ക് പദ്ധതിയെക്കുറിച്ച് അറിവു നൽകുന്നതിനായി വ്യാപകമായ പ്രചരണം നടത്തുകയുണ്ടായി. നിലവിൽ മറ്റു തടസ്സങ്ങളൊന്നുമില്ലാതെ പദ്ധതി തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ